**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4409** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മാനുഫാക്ചറിങ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയെന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപ്പന്നങ്ങളോ ഐ.ടിയുമായി ബന്ധപ്പെട്ടതോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സ്റ്റാർട്ട്പ്പുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നു. ഈ സാഹചര്യത്തിൽ ഉല്പാദനമേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളുമായി മാനുഫാക്ച്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ 75% സബ്സിഡിയായി നൽകുന്നു. (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ) മൂന്ന് ഘട്ടങ്ങൾ ആയാണ് ആനുകൂല്യം നൽകുന്നത്. ഈ പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>അതു കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫാബ് ലാബുകളിലൂടെ മാനുഫാക്ചറിംഗ് മേഖലയിലെ 203 സ്റ്റാർട്ടപ്പുകൾക്ക് 2022-23 വർഷം സഹായം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ വകയിരുത്തിയ തുക 1.70 കോടി രൂപയും നാളിതുവരെ ചെലവഴിച്ച തുക 1.23 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ